"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നെടുമങ്ങാട് നഗരസഭ - (WAMBAY) വാംബെ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടും ഭവനം പൂർത്തീകരിക്കാൻ കഴിയാത്ത ഉപഭോക്താവിന് ആധാരം മടക്കി നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

G.O.(Rt)No.512/2022/LSGD തീയതി,തിരുവനന്തപുരം, 04-03-2022

---

പരാമർശം:- നെടുമങ്ങാട് നഗരസഭാ സെക്രട്ടറിയുടെ 23/09/2021 തീയതിയിലെ UPA/9103/21 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം പ്രകാരം, ശ്രീമതി ശകുന്തള എന്ന ആൾ നെടുമങ്ങാട് നഗരസഭ വാംബെ പദ്ധതി പ്രകാരം ഗഡുക്കളായി 25,000/- രൂപ വാങ്ങിയിട്ടുള്ളതും ഭവനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ് എന്നും, തുക ഉപയോഗിച്ച് ഫൗണ്ടേഷൻ കെട്ടി മണ്ണ് ഉപയോഗിച്ച് ചുമര് കെട്ടി ഷീറ്റിട്ട് 4 വർഷം താമസിച്ചുവെന്നും താമസിച്ചുകൊണ്ടിരിക്കെ മൂന്ന് നാല് തവണ മെഡിക്കൽ കോളേജിൽ ഹൃദയ സംബന്ധമായ അസുഖം കാരണം ചികിത്സയിലായിരുന്നതിനും ചികിത്സയിലായിരിക്കെ ആ കാലയളവിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ വീട് ഒലിച്ചുപോകുകയും ചികിത്സയിലായിരുന്ന സമയത്തായിരുന്നതുകൊണ്ട് നഗരസഭയെ യഥാസമയം അറിയിക്കാൻ സാധിച്ചില്ലായെന്നും സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലാണെന്നും ആയതിനാൽ വാങ്ങിയ തുക മുതലും പലിശയും സഹിതം മടക്കി നൽകാൻ സാധിക്കാത്ത അവസ്ഥയാണെന്നും ആയതിനാൽ മറ്റു ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് മുതലും പലിശയും ഒഴിവാക്കി ആധാരം മടക്കി നൽകുന്നതിന് ടിയാൾ അപേക്ഷ നൽകിയിട്ടുള്ളതാണ് എന്നും ടി അപേക്ഷ നഗരസഭ കൗൺസിൽ പരിശോധിച്ചിട്ടുള്ളതും ടി വിഷയം സംസ്ഥാന സർക്കാരിലേക്ക് അറിയിച്ച് സർക്കാരിന്റെ തീരുമാനത്തിനനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് 15/06/2021 ലെ നഗരസഭ കൗൺസിൽ VI-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുള്ളതുമാണ് എന്നും നെടുമങ്ങാട് മുനിസിപ്പൽ സെക്രട്ടറി സർക്കാരിനെ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വാംബെ പദ്ധതി പ്രകാരം ഗഡുക്കളായി നെടുമങ്ങാട് നഗരസഭയിൽ നിന്നും 25,000/- രൂപ ഭവന നിർമ്മാണത്തിനായി ശ്രീമതി ശകുന്തള കൈപ്പറ്റിയിട്ടുള്ളത്, പിഴപ്പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടക്കുന്നതിനും, ശ്രീമതി ശകുന്തളയുടെ നെടുമങ്ങാട് നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ആധാരം മടക്കിനൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JOHN V SAMUEL I A S
DEPUTY SECRETARY

സെക്രട്ടറി, നെടുമങ്ങാട് നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ) സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്